**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1512** **30-08-2022 - ൽ മറുപടിയ്ക്ക്**

**തെറ്റായി ചെയ്ത പോക്കുവരവ് റദ്ദുചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ജോൺ ജോസ് എന്ന വ്യക്തി തിരുവനന്തപുരം താലൂക്ക് ഓഫീസിൽ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ സബ് ഡിവിഷൻ പോക്കുവരവുകൾ റദ്ദ് ചെയ്യുന്നതിലേയ്ക്കായി സബ് കളക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഫയലിൽ (എച്ച് 1-27673/2021) തീർപ്പുകൽപ്പിക്കാൻ കാലതാമസം ഉണ്ടായത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ശ്രീ. ജോൺ ജോസ് തിരുവനന്തപുരം താലൂക്ക് ഓഫീസിൽ സമർപ്പിച്ച അപേക്ഷയിന്മേൽ സബ് ഡിവിഷൻ പോക്കുവരവുകൾ റദ്ദ് ചെയ്യുന്നതിലേയ്ക്കായി H1-27673/21 നമ്പരായി തഹസിൽദാർ (ഭൂരേഖ) സബ് കളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നെങ്കിലും ടി റിപ്പോർട്ടിനോടൊപ്പം നിയമപരമായിട്ടുള്ള കക്ഷിയുടെ അപ്പീൽ അപേക്ഷ ഉൾപ്പെടുത്തിയിരുന്നില്ല. സബ് കളക്ടർ 20/08/22 ൽ അപ്പീൽ അപേക്ഷയും അനുബന്ധരേഖകളും ഹാജരാക്കുന്നതിനും ടിയാന് കത്ത് നൽകിയെങ്കിലും നാളിതുവരെ കക്ഷി അപ്പീലപേക്ഷ സമർപ്പിച്ചിട്ടില്ല. ആയത് ലഭിച്ചാലുടൻ തന്നെ തുടർ നടപടി സ്വീകരിക്കുവാൻ കഴിയുന്നതാണ്. |
| (ബി) | പ്രസ്തുത വിഷയത്തിൽ തിരുവനന്തപുരം സബ് കളക്ടറിൽ നിന്നും മറുപടി ലഭിക്കുന്നതിന് ഉണ്ടായിരിക്കുന്ന കാലതാമസം വിശദീകരിക്കാമോ; ടിയാന്റെ വസ്തുകരം ഒടുക്കുന്നതിനുള്ള സാഹചര്യം അനുവദിച്ചുകിട്ടുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ശ്രീ. ജോൺ ജോസ് തിരുവനന്തപുരം താലൂക്ക് ഓഫീസിൽ സമർപ്പിച്ച അപേക്ഷയിന്മേൽ സബ് ഡിവിഷൻ പോക്കുവരവുകൾ റദ്ദ് ചെയ്യുന്നതിലേയ്ക്കായി H1-27673/21 നമ്പരായി തഹസിൽദാർ (ഭൂരേഖ) സബ് കളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നെങ്കിലും ടി റിപ്പോർട്ടിനോടൊപ്പം നിയമപരമായിട്ടുള്ള കക്ഷിയുടെ അപ്പീൽ അപേക്ഷ ഉൾപ്പെടുത്തിയിരുന്നില്ല. സബ് കളക്ടർ 20/08/22 ൽ അപ്പീൽ അപേക്ഷയും അനുബന്ധരേഖകളും ഹാജരാക്കുന്നതിനും ടിയാന് കത്ത് നൽകിയെങ്കിലും നാളിതുവരെ കക്ഷി അപ്പീലപേക്ഷ സമർപ്പിച്ചിട്ടില്ല. ആയത് ലഭിച്ചാലുടൻ തന്നെ തുടർ നടപടി സ്വീകരിക്കുവാൻ കഴിയുന്നതാണ്. |
| (സി) | പ്രസ്തുത പരാതി സബന്ധിച്ച ബി2/419244/22 എന്ന ഫയലിൽ എത്രയും വേഗം തീർപ്പുകൽപ്പിച്ച് അപേക്ഷകന് നീതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ബി2/419244/22 എന്നത് തിരുവനന്തപുരം താലൂക്ക് ഓഫീസിൽ നിന്നുള്ള ഒരു കത്താണ്. ഈ കത്തിൽ കക്ഷിയുടെ അപ്പീൽ അപേക്ഷ ഉൾപ്പെടുത്തുകയോ, പ്രതിപാദിക്കുകയോ ചെയ്തിട്ടില്ല. അപ്പീൽ അപേക്ഷ സമർപ്പിച്ചാലുടൻ തന്നെ തിരുവനന്തപുരം റവന്യൂ |

| | | | |
|---|---|---|---|
| | | | ഡിവിഷണൽ ഓഫീസർക്ക് ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ